# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 576      29.06.2011-ൽ മറുപടിയ്ക്ക്

**വിള ഉണക്കിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് : | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) പാലക്കാട് ജില്ലയിലെ കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കാൻ കനാലുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി വിള ഉണക്കിൽ നിന്നും കർഷകരെ രക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ: ; | എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, ചിറ്റൂർപ്പുഴ, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്രധാനമന്ത്രിയുടെ കാർഷിക പാക്കേജിൽ ( ERM) ഉൾപ്പെടുത്തി പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പൂർത്തീകരിച്ച പദ്ധതികളുടെ കനാലുകളുടെ അറ്റകുറ്റപണികൾക്കായി പദ്ധതിയേതര ശീർഷകത്തിൽ ഉൾപ്പെടുത്തി വാർഷിക അറ്റകുറ്റപണികൾ നടത്തി വരുന്നു. |
| ബി) കനാലുകളുടെ അറ്റകുറ്റപ്പണി എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ;<br><br>സി) ഇതിനായി എന്തെങ്കിലും നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | ബി)&സി) മലമ്പുഴ പദ്ധതിയുടെ ERM പ്രവൃത്തികൾ ആഗസ്റ്റ് 2011 നും കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ എന്നീ പദ്ധതികളുടെ പ്രവൃത്തികൾ മാർച്ച് 2012 നും പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. മലമ്പുഴ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിലേയ്ക്കായി Detailed Project Report സെൻട്രൽ വാട്ടർ കമ്മീഷനു് അയച്ചു കൊടുത്തിട്ടുണ്ട്. കാഞ്ഞിരപ്പുഴ പദ്ധതിയുടെ ERM പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കാലാവധി 2012 മാർച്ച് വരെ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കേന്ദ്രജല കമ്മീഷനു സമർപ്പിച്ചിട്ടുണ്ട്. ചിറ്റൂർപ്പുഴയുടെ ERM പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 2012 മാർച്ച് 31 വരെ ദീർഘിപ്പിച്ചു കിട്ടിയിട്ടുണ്ട്. |

Tony PS

സെക്ഷൻ ഓഫീസർ